## ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in


---

## പത്രക്കുറിപ്പ്

**ഭക്ഷ്യ സുരക്ഷ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ അടച്ച് പൂട്ടിയ വിവിധ ജില്ലകളിലെ ഹോട്ടലുകളും റെസ്റ്റാറൻറുകളും മറ്റ് ഭക്ഷണശാലകളും വീണ്ടും തുറക്കുന്നതിന് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ. പുറപ്പെടിവിച്ച് കൊണ്ട് സംസ്ഥാന സുരക്ഷ കമ്മീഷണർ ഉത്തരവായി**

1. ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ ഹോട്ടലുകളിൽ പരിശോധന നടത്തി ക്രമക്കേട് കണ്ടെത്തിയാലുടൻ ഹോട്ടലുകൾ അടച്ചുപൂട്ടി ഇംപ്രൂവ്മെൻറ് നോട്ടീസ് നൽകുന്നതിനോടോപ്പം 30 ഇന ശുചിത്വമാനദണ്ഡങ്ങൾ അടങ്ങുന്ന രേഖകളും നൽകുന്നതാണ്. ഇങ്ങനെ അടച്ചു പൂട്ടുന്ന ഹോട്ടലുകളുടെ പേരു വിവരം വെബ്സൈറ്റിലും പത്രക്കുറിപ്പായും പ്രസിദ്ധീകരിക്കുന്നതാണ്.
2. ഇംപ്രൂവ്മെൻറ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കിയതിനു ശേഷം ഹോട്ടലുടമകൾ പ്രസ്തുത വിവരം അതാത് ഫുഡ് സേഫ്റ്റി ഓഫീസർമാരെ രേഖാമൂലം അറിയിക്കേണ്ടതാണ്. തുടർന്ന് ഫുഡ് സേഫ്റ്റി ഓഫീസറും ഡിസ്ട്രിക്ട് ഫുഡ് സേഫ്റ്റി ഓഫീസറും ഒരു അന്വേഷണം നടത്തി ഹോട്ടലുടമകൾ ഇംപ്രൂവ്മെൻറ് നോട്ടീസിൽ പറഞ്ഞ കാര്യങ്ങൾ ചെയ്തിട്ടുണ്ടോ എന്ന് നേരിൽ പരിശോധിച്ച് ആയതിൻെറ ഒരു ഫോട്ടോഗ്രാഫ് ഇമെയിൽ വഴി കമ്മീഷണറേറ്റിൽ അയക്കേണ്ടതാണ്.
3. കമ്മീഷണറുടെ നിർദ്ദേശപ്രകാരം ജോയിൻറ് കമ്മീഷണറോ കമ്മീഷണർ നിയോഗിക്കുന്ന മറ്റുദ്യോഗസ്ഥരോ സ്ഥലം സന്ദർശിച്ച് ഈ മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തിയ ശേഷം കമ്മീഷണറുടെ അനുവാദത്തോട് കൂടി മാത്രമേ ഹോട്ടലുകൾ വീണ്ടും തുറന്നു പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളു.. ഇങ്ങനെ വീണ്ടും തുറന്നു പ്രവർത്തിക്കുന്ന ഹോട്ടലുകളുടെ പേരു വിവരങ്ങൾ ഒരു പത്രകുറിപ്പ് വഴി പൊതുജനങ്ങളെ അറിയിക്കുന്നതും പരിഷ്കാരങ്ങൾ നടത്തിയ ഹോട്ടലിൻെറ

പേര് ഭക്ഷ്യ സുരക്ഷ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

4. ഫുഡ് സേഫ്റ്റി വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയ ശേഷം ഇംപ്രൂവ്മെൻറ് നോട്ടീസ് നൽകി തുറന്നു പ്രവർത്തിക്കാൻ അനുവദിച്ച ഹോട്ടലുകളുടെ പ്രവർത്തനം 30 ദിവസത്തിനകം വീണ്ടും ഫുഡ് സേഫ്റ്റി ഓഫീസറും ഡെസിഗ്നേറ്റഡ് ഓഫീസറും ചെർന്ന് പരിശോധിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയ തുടരന്വേഷണ റിപ്പോർട്ട് കമ്മീഷണറേറ്റിലേക്ക് അയക്കേണ്ടതാണ്.

5. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ അടച്ചു പൂട്ടിയ ഹോട്ടലുകൾ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നേരിട്ടുള്ള രേഖാമൂലമുള്ള അറിയിപ്പില്ലാതെ തുറന്നു പ്രവർത്തിച്ചാൽ പിഴയും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കടുത്ത നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ഇങ്ങനെ തുറന്നു പ്രവർത്തിക്കുന്ന ഹോട്ടലുകൾ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾ ഉടൻ തന്നെ കമ്മീഷണറേറ്റിലെ ടോൾഫ്രീ നമ്പരായ **1800 425 1125**ൽ വിളിച്ചറിയിക്കേണ്ടതാണ്

**24.07.2012**

**ബിജു പ്രഭാകർ ഐ.എ.എസ്**

**ഫുഡ്സേഫ്റ്റി കമ്മീഷണർ**